നമ്പർ : ICPS 2/19220/2017

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം 12/07/2017

# സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്:- ഒബ്സർവേഷൻ ഹോമുകളിലെ കൗൺസിലർമാരുടെ സേവനം ജെ.ജെ ബി-കളിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന : 10/04/2017, 11/04/2017 എന്നീ തീയതികളിൽ നടന്ന ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളുടെ പ്രവർത്തന അവലോകന യോഗത്തിന്റെ തീരുമാനം.

സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള ഒബ്സർവേഷൻ ഹോമുകളിലെ കൗൺസിലർമാരുടെ സേവനം ജെ.ജെ.ബി-കൾക്ക് ലഭ്യമാക്കേണ്ടതാണ്. ഹോമുകളിൽ കൗൺസിലർമാരെ നിയമിച്ചിട്ടില്ലാത്ത ജില്ലകളിൽ ഒബ്സർവേഷൻ ഹോമുകളിൽ കൗൺസിലർമാരെ നിയമിച്ചിട്ടില്ലാത്ത ജില്ലകളിൽ ഡി.സി.പി.യു-കളിലെ കൗൺസിലർമാരുടെ സേവനം ജെ.ജെ.ബി-കൾക്ക് ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച നടപടികൾ ജെ.ജെ സ്ഥാപന സൂപ്രണ്ടുമാരും ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരും സ്വീകരിക്കേണ്ടതാണ്.

ജെ.ജെ സ്ഥാപനങ്ങളിൽ നിയോഗിച്ചിട്ടുള്ള കൗൺസിലർമാർക്ക് കൗൺസിലിംഗ് നൽകുന്നതിന് സൗകര്യപ്രദമായ റൂം, മറ്റ് സൗകര്യങ്ങൾ എന്നിവ സ്ഥാപനസൂപ്രണ്ടുമാർ ഏർപ്പെടുത്തിക്കൊടുക്കണം. കൗൺസിലിംഗ് റൂമുകൾ ശിശു സൗഹാർദ്ദപരമായിരിക്കണം. ഇതിന് സ്ഥാപനസൂപ്രണ്ടുമാർ ആവശ്യമായ നടപടികൾ കൈകൊള്ളണം. കുട്ടികൾക്ക് നല്ല രീതിയിലുള്ള കൗൺസിലിഗ് നൽകുകയും, ആയതിന്റെ റിപ്പോർട്ടുകൾ കൗൺസിലർമാർ സൂക്ഷിക്കേണ്ടതുമാണ്. കൗൺസിലർമാരെ കൊണ്ട് കഴിവതും മറ്റ് ജോലികൾ ചെയ്യിക്കരുത്.

സൈക്യാട്രിസ്റ്റിന്റെ സഹായം ആവശ്യമായ കുട്ടികൾക്ക് ആയതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

എല്ലാ ജെ.ജെ സ്ഥാപന സൂപ്രണ്ടുമാർക്കും
എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

പകർപ്പ്

1. എല്ലാ ജെ.ജെ സ്ഥാപന കൗൺസിലർമാർക്കും
2. സ്റ്റോക്ക് ഫയൽ